## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1043

30.11.2018-ലെ മറുപടി

## മുട്ടം,കരിങ്കുന്നം പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ജെ.ജോസഫ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ മുട്ടം, കരിങ്കുന്നം പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; | (എ) | 14/05/2014-ൽ നടന്ന എസ്.എൽ.എസ്.എസ്.സി.യിൽ പ്രസ്തുത പദ്ധതിക്ക് 4000 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | എൻ.ആർ.ഡി.ഡബ്ല്യൂ.പിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ തുടരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | ഈ പദ്ധതിയിൽ 9 പാക്കേജുകളാണ് ഉള്ളത്. ഇതിൽ പാക്കേജ് -1 (എ) പമ്പിംഗ് മെയിനും വിതരണശൃംഖല സ്ഥാപിക്കലും, പാക്കേജ് – II 8MLD ജലശുദ്ധീകരണശാലയുടെ നിർമ്മാണം എന്നിവയുടെ കരാർ ഉറപ്പിച്ചു പ്രവൃത്തി ചെയ്യുന്നതിനുള്ള അനുമതി നല്കിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും കരാറുകാരൻ ഇതുവരെ പ്രവൃത്തി തുടങ്ങിയിട്ടില്ല. ഈ പദ്ധതിയുടെ ബാക്കി പാക്കേജുകൾ ഒന്നും ടെണ്ടർ ചെയ്തിട്ടില്ല. ഈ പദ്ധതിയിൽ ആകെ 8 ലക്ഷം രൂപ സർവ്വേ പ്രവൃത്തികൾക്ക് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | കരാർ കൊടുത്ത പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. ജോസഫ് ജോൺ WP(C) No. 13466/2018 പ്രകാരം പ്രവൃത്തിയിൽ നിന്നും ടിയാനെ ഒഴിവാക്കി സെക്യൂരിറ്റി ഡെപ്പോസിറ്റും, ബാങ്ക് ഗ്യാരണ്ടിയും തിരികെ നല്കാൻ ആവശ്യപ്പെട്ട് ബഹു.ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുകയാണ്.<br>നിലവിൽ എൻ.ആർ.ഡി.ഡബ്ല്യൂ.പി-യിൽ അംഗീകാരം ലഭിച്ചതും ഇനിയും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ